**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** **12.01.2021 ലെ മറുപടിക്ക്**

## പുതിയ കാർഷിക നിയമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.ഒ.ആർ.കേളു | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) വൻകിട വ്യാപാര കുത്തകകളുടെ താൽപ്പര്യാർത്ഥം ഏകപക്ഷീയവും ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധവുമായി രാജ്യത്തെ പകുതിയോളം പേരുടെ ജീവനോപാധിയായ കാർഷിക മേഖലയെ ദുർബലപ്പെടുത്തുന്ന തരത്തിൽ കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന കാർഷിക നിയമങ്ങളെയും അവശ്യ വസ്തു നിയമ ഭേദഗതിയെയും കുറിച്ച് സംസ്ഥാന സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ യെന്ന് അറിയിക്കാമോ;<br><br>(ബി) പ്രസ്തുത നിയമങ്ങൾ പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി). കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ നിയമങ്ങൾ റദ്ദാക്കണ മെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. 2020 ഡിസംബർ 31-ാം തീയതി പ്രസ്തുത നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം കേരളാ നിയമസഭയിൽ ഐകകണ്ഠ്യേന പാസാക്കുകയും പ്രസ്തുത പ്രമേയം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) നീതിയുക്തമായ ആവശ്യം ഉയർത്തിയുള്ള കർഷക പ്രക്ഷോഭത്തെ ദുർബലപ്പെടുത്താൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നെന്നും അടിക്കടി കർഷക വിരുദ്ധ നടപടികൾ കൈക്കൊള്ളുന്നുവെന്നും ആക്ഷേപിക്കപ്പെടുന്ന സാഹചര്യത്തിൽ | (സി) സംസ്ഥാനത്തെ കർഷകർക്ക് പൊതുവായ ക്ഷേമത്തിനും, പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുമായി 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് കേരള നിയമസഭാ പാസാക്കുകയും, 2020 നവംബറിൽ കേരള കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ബോർഡിൽ അംഗമായ കർഷകർക്ക് |

| | |
|---|---|
| സംസ്ഥാനത്തെ കർഷകരുൾപ്പെടെയുള്ള പാവപ്പെട്ടവരെ കേന്ദ്ര സർക്കാരിന്റെ നയങ്ങളും മഹാമാരിയും ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കരകയറാൻ നടപ്പിലാക്കിയ ക്ഷേമ പദ്ധതികളുടെയും രണ്ട് നൂറ് ദിന കർമ്മ പരിപാടികളുടെയും അടിസ്ഥാന കാഴ്ചപ്പാട് വിശദമാക്കാമോ? | അംശാദായം അടച്ചതിനാനുപാതികമായി പെൻഷൻ, ഗ്രാറ്റുവിറ്റി, പെൺമക്കൾക്ക് വിവാഹ ധനസഹായം, ചികിത്സാ സഹായം, അപകട നഷ്ടപരിഹാരം തുടങ്ങിയ ആനുകൂല്യം നൽകുന്നതിന് ക്ഷേമനിധി പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുണ്ട്.<br>ചെറുകിട നാമമാത്ര കർഷകർക്ക് അവരുടെ ജീവിത സായാഹ്നത്തിൽ ഒരു കൈത്താങ്ങ് എന്ന നിലയിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതിയാണിത്. ഈ പദ്ധതിയിൻ കീഴിൽ ഡിസംബർ 2020 വരെ 2,47,639 ഗുണഭോക്താക്കൾക്കായി 415.998 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രതിമാസം 1400 രൂപ നിരക്കിൽ നൽകി വന്നിരുന്ന പെൻഷൻ 2021 ജനുവരി മാസം മുതൽ പ്രതിമാസം 1500 രൂപയായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകരുടേയും വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങിയെത്തിയവർക്കും വേണ്ടി പ്രഖ്യാപിച്ച "സുഭിക്ഷ കേരളം പദ്ധതി" ഒരു പരിധി വരെ കാർഷിക മേഖലയിലെ നിലവിലെ പ്രതിസന്ധി മറികടക്കുന്നതിനു സഹായകരമാണ്. 19,555 ഹെക്ടർ തരിശ്ശ് ഭൂമി കൃഷി യോഗ്യമാക്കുകയും 15700 തൊഴിൽ ദിനം ഇക്കാലയളവിൽ സൃഷ്ടിക്കപ്പെട്ടിട്ടുമുണ്ട്. നൂറ് ദിന കർമ്മ പദ്ധതി 2020 ആഗസ്റ്റ് 30 ന് പ്രഖ്യാപിക്കുകയുണ്ടായി. സാമ്പത്തിക സാമൂഹ്യ മേഖലയിൽ പുത്തൻ ഉണർവ് ലക്ഷ്യമിട്ട് തയ്യാറാക്കിയ കർമ്മ പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ നൂറു ശതമാനം ലക്ഷ്യം കൈവരിച്ചിട്ടുമുണ്ട്.<br>മുഖ്യമന്ത്രിയുടെ നൂറ്ദിന കർമ്മ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി, ജീവാണു ജൈവവള ഗുണ നിയന്ത്രണ ശാല, കാർഷിക യന്ത്രവൽക്കരണം ,കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരണം , പച്ചക്കറിയുടെ തറ വില പ്രഖ്യാപനം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ |

| | |
|---|---|
| | എന്നിവ സമയബന്ധിതമായി നടപ്പിലാക്കുക വഴി കൃഷി മേഖലയിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുവാൻ കഴിഞ്ഞു . കൂടുതൽ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

ഡെപ്യൂട്ടി സെക്രട്ടറി

# അനുബന്ധം

എ) നെൽകൃഷിക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി

നെൽകൃഷിക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി വിതരണോദ്ഘാടനം 2020 നവംബർ 5 ന് നിർവ്വഹിച്ചു. കൂടാതെ, കർഷകർക്ക് റോയൽറ്റിയായി ഒരു ഹെക്ടറിന് 2000/-രൂപ നിരക്കിൽ അനുവദിക്കപ്പെട്ടിട്ടുള്ള തുകയായ 24.69047 ലക്ഷം രൂപ DBT മുഖാന്തിരം 3906 കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്തു.

ബി) പട്ടാമ്പിയിലെ ജീവാണു-ജൈവവള ഗുണനിയന്ത്രണശാലയുടെ ഉദ്ഘാടനം

സുരക്ഷിത ഭക്ഷ്യോത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ഗുണമേന്മയുള്ള ജൈവഉത്പാദനോപാധികൾ കർഷകർക്കു ലഭ്യമാക്കുക എന്നത് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. 2020 ഒക്ടോബർ 8 ന് പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ സജ്ജമാക്കിയ ജീവാണുവള ജൈവ ഗുണമേന്മാ പരിശോധനാ ലാബ് (BQCL) ഉദ്ഘാടനം ചെയ്തതോടെ സാക്ഷാത്കരിച്ചത് ജൈവ കൃഷി മേഖലയിലെ വികസന വഴികളിലെ ഒരു നാഴികക്കല്ലാണ്.

സി). സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM):

കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ-SMAM) 2020-21 പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഗുണഭോക്താക്കളാകുവാൻ ആഗ്രഹിക്കുന്ന കർഷകർ, സംരംഭകർ, അംഗീകൃത കർഷക കൂട്ടായ്മകൾ, കർഷകരുടെ സഹകരണ സംഘങ്ങൾ, ഗ്രാമ പഞ്ചായത്തുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ തുടങ്ങിയവരുടെ രജിസ്ട്രേഷൻ http://agrimachinary.nic.in എന്ന വെബ്സൈറ്റ് മുഖേന ആരംഭിച്ചിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ DBT മുഖേന വിതരണം ചെയ്തു തുടങ്ങുന്നതാണ്. നടപ്പ് സാമ്പത്തിക വർഷം 100 കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.

ഡി) കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരണം

2019 ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരമുപയോഗിച്ച് കേരള സർക്കാർ പുറപ്പെടുവിച്ച 13.10.2020 ലെ സ.ഉ.(പി) നം.19/2020/കൃഷി വിജ്ഞാപനത്തോടെ നിലവിൽ വന്ന ഭാരതത്തിലെ തന്നെ പ്രഥമ കർഷകക്ഷേമ ബോർഡ് 2020 നവംബർ 4-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ടു. സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനായും കാർഷികവൃത്തിയിലേയ്ക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായുമാണ് ബോർഡ് രൂപീകരിച്ചത്. 5 വർഷം അംശദായം നിധിയിലേയ്ക്ക് അടച്ച കർഷകർക്ക് 60 വയസ്സിന് ശേഷം ആനുപാതിക പെൻഷനും, 25 വർഷം അംശദായം അടച്ചവർക്ക് പദ്ധതിയിൽ നിർദ്ദേശിക്കുന്ന ഒറ്റത്തുകയും, അവശതാ പെൻഷനും, ചികിത്സാസഹായവും, പെൺമക്കളുടെ വിവാഹധനസഹായവും,

കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായവും, അപകടം സംഭവിച്ചാൽ നഷ്ടപരിഹാരവും നൽകുന്ന കർഷകർക്കുള്ള സമഗ്ര സഹായ പദ്ധതിയാണ് കേരള കർഷക ക്ഷേമനിധി ബോർഡിലൂടെ വിഭാവനം ചെയ്യുന്നത്.

ഇ) <u>പച്ചക്കറിയുടെ തറവില പ്രഖ്യാപനം</u>

നൂറ് ദിന കർമ്മ പദ്ധതി (2) യോടനുബന്ധിച്ച് മാർക്കറ്റിംഗ് വിഭാഗത്തിന്റെ ചുമതലയിൽ വരുന്ന 'കേരള ഫാം ഫ്രഷ് പഴം പച്ചക്കറി' എന്ന പദ്ധതിക്ക് തുടക്കമിട്ടു. പദ്ധതിയിൽ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, ഇക്കോഷോപ്പുകൾ മുഖേന വിളകൾ ശേഖരിക്കുന്നതാണ്. അടിസ്ഥാന വിലയേക്കാൾ വിപണി വില താഴുന്ന സാഹചര്യത്തിൽ ജില്ലാതല പ്രൈസസ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം സംഭരണ ഏജൻസികൾ സംഭരണം ആരംഭിക്കുന്നതാണ്. പദ്ധതി പ്രഖ്യാപിച്ച ശേഷം ഹോർട്ടികോർപ്പ് മുഖേന 39.5 ടൺ വയനാട് നേന്ത്രൻ സംഭരിച്ചു.

രണ്ടാം ഘട്ട നൂറു ദിന കർമ്മ പദ്ധതിയിൽ 14 പദ്ധതികൾ ഡിസംബർ 16 മുതൽ ആരംഭിച്ച 100 ദിനംകൊണ്ട് പൂർത്തീകരിക്കാനുള്ള നടപടികൾ കൃഷി വകുപ്പ് ഇതിനകം ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നാളിതുവരെ 19,555 ഹെക്ടർ സ്ഥലത്ത് നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുകവഴി 12352 തൊഴിൽ അവസരങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിക്കുവാൻ സാധിച്ചു. സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാനഘടകമായ ജൈവഗൃഹം-സംയോജിത കൃഷി പദ്ധതിയിൽ 14,000 സംയോജിതകൃഷി യൂണിറ്റുകൾക്ക് ധനസഹായം നൽകുക വഴി 2100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. പുതുതായി കാർഷിക കർമ്മസേനകളും കസ്റ്റം ഹയർ സെന്ററുകളും രൂപീകരിക്കുകവഴി 500 തൊഴിലവസരങ്ങളും, പുതിയ ഭക്ഷ്യസംസ്കരണ യൂണിറ്റുകളും ചന്തകളും സ്ഥാപിക്കുകവഴി 748 തൊഴിലവസരങ്ങളും സൃഷ്ടിക്കുകയുണ്ടായി. ഇപ്രകാരം ആകെ 15,700 തൊഴിൽ അവസരങ്ങൾ കൃഷി വകുപ്പിൽ സൃഷ്ടിക്കുകയുണ്ടായി.